കൊടുത്താൽ മതി, അത് ലേബർ ഡിപ്പാർട്ടുമെൻറ് മാത്രം നിശ്ചയിച്ചാൽ മതി എന്നു പറഞ്ഞു. ഈ ക്ഷേമനിധിയെ ഇല്ലാതാക്കുന്ന വിധത്തിൽ ഈ സ്കീം ഭേദഗതിചെയ്യുന്നതിന് എന്താണ് പ്രത്യേക കാരണം? അഞ്ചു ലക്ഷം കയർ തൊഴിലാളികളുടെയും കശുവണ്ടി തൊഴിലാളികളുടെയും കാര്യത്തിലാണ് ഇത് പറയുന്നത്. 90,000 രൂപ ചെലവാക്കി 200 ആളുകൾക്ക് കൊടുത്തു, 100 ആളുകൾക്ക് കൊടുത്തു എന്നാണ്. അത് ഇന്ന് എല്ലാവർക്കും ബാധകമാക്കി, ഉടമകളിൽ നിന്നുകൂടി കോൺട്രിബ്യൂഷൻ വാങ്ങിക്കൊണ്ടുള്ള ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് എന്താണ് തടസ്സം?

ശ്രീ. കെ. ശിവദാസൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയാതൊരു മാറ്റവും അന്നത്തെ ക്ഷേമനിധിയിൽ വരുത്തിയിട്ടില്ല. അന്നും ഇന്നും പറഞ്ഞിരിക്കുന്നത്, ഗവൺമെൻറിൽ നിന്ന് കിട്ടുന്ന പണവും എംപ്ലോയേഴ്സിൽ നിന്ന് കിട്ടുന്ന പണവും മറേതെങ്കിലും സോഴ്സിൽ നിന്ന് കിട്ടുന്ന പണവും കൂടിയാണ് ഫണ്ട് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതെന്നാണ്. ഞാൻ പറഞ്ഞത്, ഗവൺമെൻറിൽ നിന്നുള്ള പണമേ അതിൽ ഉണ്ടായിരുന്നുള്ളുവെന്നാണ്. ബഡ്ജറ്റിൻറെ കാര്യം പറഞ്ഞത്, ബഹുമാനപ്പെട്ട താമരാക്ഷൻ ചോദിച്ചത്, അന്ന് അങ്ങനെ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് ഇത്ര കുറഞ്ഞതെന്താണ് എന്നാണ്. അന്ന് പണം ഉണ്ടായിരുന്നില്ല; ചെലവായില്ല. ഇന്ന് പണമുണ്ടായിരുന്നതുകൊണ്ട് അത് ചെലവായി.

കെ. എസ്. ആർ. റ്റി. സി. യിലെ ട്രാൻസ് മൊബൈൽ യൂണിറ്റുകൾ

* 301 [442] ശ്രീ. കെ. പി. രാമൻ:
,, പി. വി. മുഹമ്മദ്:
,, നാലകത്ത് സൂപ്പി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. റ്റി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. യിൽ എത്ര ട്രാൻസ് മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവ ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തിക്കുന്നത്;

(സി) ഇവയുടെ പ്രവർത്തനംകൊണ്ട് കെ.എസ്.ആർ. ടി. സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇതര ജില്ലകളിൽ കൂടി ഈ ട്രാൻസ് മൊബൈൽ യൂണിറ്റുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) അഞ്ചെണ്ണം.

(ബി) തിരുവനന്തപുരം ജില്ലയിൽ മാത്രം.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തല്ക്കാലം ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. പി. രാമൻ: ചോദ്യം, 'ഡി' യുടെ ഉത്തരമായി മന്ത്രി പറഞ്ഞത്, തല്ക്കാലം ഉദ്ദേശിക്കുന്നില്ലെന്നാണ്. എന്നാൽ ബസ്സുകളും ബ്രേക്ക് ഡൗണാവുക, വാഹന തടസ്സം ഉണ്ടാവുക, ഇങ്ങനെയുള്ള സംഭവങ്ങൾ കോഴിക്കോട്, വയനാട് ജില്ലകളിൽ നിത്യേന ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ഈ മേഖലയിൽ ഒരു ട്രാൻസ് മൊബൈൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. പി. കെ. വേലായുധൻ: തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ വാഹനങ്ങളുള്ളത് എന്നുള്ളതുകൊണ്ട് 1984 ആഗസ്റ്റ് 17-ാം തീയതി മുതൽ ഒരു പരീക്ഷണാർത്ഥം ഇത് നടത്തി നോക്കിയതാണ്. അത് വളരെ വിജയകരമായിരുന്നു. ആക്സിഡന്റ് ഉണ്ടാകുമ്പോഴും, വണ്ടി വഴിയിൽ ബ്രേക്ക് ഡൗണാകുമ്പോഴും ബസ് സ്റ്റോപ്പുകളിൽ ബസ് നിർത്തി യാത്രക്കാരെ കയറാതെ പോകുമ്പോഴും ഒക്കെ ഈ സംവിധാനം ഉപയോഗപ്പെടുത്തി വളരെ ഫലപ്രദമായി അത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റു ജില്ലകളിലേക്ക് അത് വ്യാപകമാക്കുന്ന കാര്യം ആലോചിച്ചിട്ടില്ല. അത് ആലോചിക്കുമ്പോഴും വേറെ ചില പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. കാരണം, ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകൾ കുറവാണ്. ഇൻറർവ്യൂ ചെയ്യുമ്പോൾ വളരെ കുറച്ച് തസ്തികയേ വേണ്ടിവരികയുള്ളൂ. ഫീഡർ കാറ്റഗറിയായിട്ടുള്ള തസ്തികയിൽ പ്രൊമോഷൻ സാദ്ധ്യത കുറയുമെന്നുള്ളത് ഗവൺമെന്റിന് വളരെ വ്യക്തമായി അറിയാം. അതുകൊണ്ട് ഇത് പരിഗണിച്ചിട്ടില്ല.

ശ്രീ. നാലകത്ത് സൂപ്പി: ട്രാൻസ് മൊബൈൽ യൂണിറ്റുകളിൽ ആദ്യം വയർലസ് സംവിധാനം ഉണ്ടായിരുന്നു. പിന്നീട് അത് നിർത്തലാക്കി. അതിനുള്ള കാരണമെന്താണ്? ഇനി വീണ്ടും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: അത് വളരെ പ്രയോജനകരമായ ഒരു സംവിധാനമായിരുന്നു. കാരണം, എവിടെയെങ്കിലും നേരത്തെ സൂചിപ്പിച്ചതുപോലെയുള്ള കാര്യങ്ങൾ ഉണ്ടായാൽ, പെട്ടെന്ന് മെസേജ് നൽകാൻ സൗകര്യവുമായിരുന്നു. എന്നാൽ വയർലസ് സംവിധാനം ഘടിപ്പിച്ചപ്പോൾ ഹോം ഡിപ്പാർട്ടുമെന്റിന്റെ അനുവാദം ഇല്ലായിരുന്നതുകൊണ്ടും പോലീസ് വയർലസ്സുമായി ഓവർലാപ്പിംഗ് വരുന്നു എന്നുള്ളതുകൊണ്ടും അത് തല്ക്കാലത്തേക്ക് നിർത്തിയിരിക്കുകയാണ്. അത് വിശദമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: ഈ സംസ്ഥാനത്ത് എത്ര ട്രാൻസ്പോർട്ട് മൊബൈൽ വർക്ക്ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പറയാമോ?

ശ്രീ. പി. കെ. വേലായുധൻ: ഇതിന് പ്രത്യേകമായി നോട്ടീസ് തന്നാൽ മറുപടി നൽകാം.

LIBRARY ARCHIVES Kerala Legislative Assembly